# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3415 — 24.06.2013-ൽ മറുപടിയ്ക്ക്

### സ്കൂൾ വാഹനങ്ങളുടെ സുരക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ.രാജു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ ട്രിപ്പുകൾ നടത്തുന്ന ഓരോ ഇനം വാഹനങ്ങളിലും കയറ്റേണ്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (എ) | സ്കൂൾ ട്രിപ്പുകൾ നടത്തുന്ന ഓരോ ഇനം വാഹനങ്ങളിലും ആയതിന്റെ സീറ്റിന്റെ എണ്ണം കണക്കാക്കി 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയാണെങ്കിൽ ഒരു സിംഗിൾ സീറ്റിൽ രണ്ട് കുട്ടികളെ വീതവും 12 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടിയാണെങ്കിൽ ഒരു സിംഗിൾ സീറ്റിൽ ഒരു കുട്ടി എന്ന ക്രമത്തിലുമാണ് നിശ്ചയിച്ചിട്ടുള്ളത്. ആരേയും നിർത്തിക്കൊണ്ട് പോകാൻ പാടില്ല. |
| (ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച് പോലീസിന്റെയും വിദ്യാഭ്യാസ ഡയറക്ടറുടെയും നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | നിലവിലുള്ള നിയമം അനുശാസിക്കുന്ന രീതിയിൽ അത്തരക്കാരുടെ പേരിൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഡ്രൈവിംഗ് ലൈസൻസ് റദ്ദു ചെയ്യുവാൻ മോട്ടോർ വാഹന വകുപ്പിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ